## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പോലീസുദ്യോഗസ്ഥൻമാർക്ക് അവരുടെ കൃത്യനിർവ്വഹണത്തിനിടയിലുണ്ടാകുന്ന പരിക്ക്, അംഗഭംഗം, മരണം എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 2011–ലെ കേരള പോലീസ് ആക്ടിലെ 108(3) ഖണ്ഡികപ്രകാരം മെച്ചപ്പെട്ട ആരോഗ്യവും ശാരീരിക ക്ഷമതയും നിലനിർത്തുന്നതിന് സഹായകമായ ഒരു മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ പോലീസുദ്യോഗസ്ഥർക്ക് നൽകണമെന്നും ടി ആക്ടിലെ 108(4) ഖണ്ഡിക പ്രകാരം ഒരു പോലീസുദ്യോഗസ്ഥന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലുണ്ടായ ആക്രമണത്തിന്റെ ഫലമായോ കർത്തവ്യനിർവ്വഹണം മൂലമുണ്ടായ വിരോധം കാരണം ഉണ്ടാകാവുന്ന അക്രമത്തിലോ പരിക്കോ അംഗഭംഗമോ സംഭവിക്കുകയാണെങ്കിൽ അയാൾക്ക് സർക്കാർ ഉചിതവും പര്യാപ്തവുമായ നഷ്ടപരിഹാരം നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമത്തിലെ ഈ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് ചീഫിന് സർക്കാർ നിർദ്ദേശം നൽകുകയും ഇതേത്തുടർന്ന് വിവിധ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായി സംസ്ഥാന പോലീസ് മേധാവി നടത്തിയ ചർച്ചകൾക്കും നെഗോഷിയേഷനുംശേഷം കുറഞ്ഞ വാർഷിക പ്രീമിയം 20 കോടിയായി കണക്കാക്കി യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ് കമ്പനിയുടെ പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി സർക്കാരിന് സമർപ്പിച്ചു.

എന്നാൽ ഇതൊരു ബഡ്ജറ്ററി ക്വാട്ട് ആയി മാത്രമേ കണക്കാക്കാനാകൂ. ക്ഷേമപദ്ധതി നടപ്പാക്കുമ്പോൾ ഏകദേശം 56000 പേരുള്ള പോലീസ് സേനയ്ക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. കൂടാതെ കേരള പോലീസ് വെൽഫെയർ ആന്റ് അമിനിറ്റീസ് ഫണ്ടിലെ(കെ.പി.ഡബ്ല്യൂ.&എ.എഫ്.) ഗ്രാന്റും മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റും ഒഴിവാക്കാനും ഇതുവഴി സാധിക്കും. സംസ്ഥാന പോലീസ് മേധാവി ശുപാർശ ചെയ്തിട്ടുള്ള ഈ പദ്ധ തിയുടെ വ്യവസ്ഥകളും നിബന്ധനകളും ചുവടെ ചേർക്കുകയാണ്.

"The sum insured per family is Rs. 2 lakhs only in floated ........"

<u>മി. സ്പീക്കർ:</u> മുഴുവനും വായിക്കണമെന്നില്ല. മേശപ്പുറത്തു വച്ചാൽ മതിയാകും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ അത് മേശപ്പുറത്തു വയ്ക്കാം. അതിന്റെ അവസാനഭാഗം മാത്രം വായിക്കാം.

ഈ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് ഏകദേശം 20 കോടി രൂപയുടെ വാർഷിക ബാധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിരിക്കുക യാണ്. ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യപ്പെടുന്ന വ്യക്തി യാതൊരു വിഹിതവും നൽകേണ്ടതില്ല. ഇതിനാവശ്യമായ മുഴുവൻ തുകയും സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. ഇൻഷുറൻസ് സർവ്വീസുകൾ ഏർപ്പെടുത്തുന്ന തിന് മത്സരസ്വഭാവമുള്ള ടെണ്ടർ നടപടികൾ പ്രകാരമാണെന്നും ബിഡ്ഡറിന്റെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറന്ന് നിലവിലുള്ള സർക്കാർ പ്രൊക്യൂ ർമെന്റ് ചട്ടങ്ങളും നയങ്ങളും പ്രകാരമാണെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്തം സംസ്ഥാന പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും. ഈ പദ്ധതിക്ക് ഇന്നലെത്തെ (22/1/2014) മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്.

കേരള പോലീസ് അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായിട്ടുള്ള ഈ പദ്ധതി ഏറ്റവും ശ്രദ്ധേയവും ആശ്വാസകരവുമായ ഒരു നടപടിയാണ്.

(നിയമനിർമ്മാണകാര്യം)